(ബി) കളിമൺ ഖനനം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ ഇവിടെ ഖനനം നടത്തുന്നത്;

(ഡി) ഇല്ലെങ്കിൽ ഇതിനെതിരെ നടപടി എടുക്കുമോ?

ഉത്തരം

(എ) കളിമൺ ഖനനം നടത്തുന്നതുകൊണ്ടു മാത്രമാണ് ഈ പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം കുറയുവാനിടയായത് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നില്ല.

(ബി) 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട്., 1960-ലെ മിനറൽ കൺസഷൻ ചട്ടങ്ങൾ, 1988-ലെ മിനറൽ കൺസർവേഷൻ ആന്റ് ഡവലപ്മെന്റ് ചട്ടങ്ങൾ, 1962-ലെ മൈൻസ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഖനനപ്രവർത്തനം നടത്തുന്നത്.

(സി) അതെ; എന്നാൽ ചില വ്യവസ്ഥകളുടെ ലംഘനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം ഖനനപ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും നിയമ വ്യവസ്ഥകൾ കാര്യക്ഷമമായി പരിപാലിക്കുന്നു എന്നുറപ്പു വരുത്തിയതിനുശേഷം തുടർന്നു ഖനനാനുവാദം നൽകിയിട്ടുണ്ട്. കളിമൺ ഖനികളുടെ പ്രവർത്തനം ഇപ്പോഴും വകുപ്പിന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണ്.

അനധികൃത കളിമൺ ഖനനം

44 [3052] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

„ ലൂഡി ലൂയീസ്:

„ ഇ. എം. അഗസ്തി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അനധികൃത കളിമൺ ഖനനം നടത്തിയിരുന്നുവോ:

(ബി) എങ്കിൽ ആരെല്ലാമാണ് അനധികൃത ഖനനം നടത്തിയത്;

(സി) അതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂട്ടു നിന്നുവോ;

(ഡി) എങ്കിൽ അവരുടെ മേൽ എന്തു നടപടിയെടുത്തു എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി ആന്റ് ഡി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള പുതിയ ക്ഷേമ പദ്ധതികൾ

45 [3053] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പുതിയതായി നടപ്പാക്കിയ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി എന്തു തുക കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും വിശദമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം വിഭാഗങ്ങൾക്ക് ക്ഷേമ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നും എന്തെല്ലാം പദ്ധതികളാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അനാഥാലയങ്ങൾ

46 [3054] ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. കെ. സി. ജോസഫ്:

" എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റിൽ നിന്നും ഗ്രാന്റ് വാങ്ങുന്ന എത്ര അനാഥാലയങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്ന് വെളിപ്പെടുത്താമോ:

LIBRARY ARCHIVES Kerala Legislative Assembly